പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 372 11.12.2012 ൽ മറുപടിയ്ക്ക്

വൈദ്യുതി ഉല്പാദനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ശശി | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഈ വർഷം എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചുവെന്നും ഇനി എത്ര യൂണിറ്റ് ഉല്പാദിപ്പിക്കാൻ കഴിയുമെന്നുമാണ് കണക്കാക്കിയിട്ടുള്ളത്; | (എ) ഈ വർഷം ജനുവരി 2012 മുതൽ ഡിസംബർ 4 - ാം തീയതി വരെയുള്ള കണക്ക പ്രകാരം വിവിധ സ്രോതസ്സുകളിൽ നിന്നായി സംസ്ഥാനത്ത് 6329.905 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചു. ഇനി ഈ വർഷം ഡിസംബർ 31- ാം തീയതി വരെ കേരളത്തിലെ ജലവൈദ്യുത നിലയങ്ങളിൽ നിന്നും ഏകദേശം 270 ദശലക്ഷം യൂണിറ്റും, KDPP (കോഴിക്കോട് ഡീസൽ പവർ പ്ലാൻറ്), BDPP (ബ്രഹ്മപുരം ഡീസൽ പവർപ്ലാൻറ്) എന്നീ താപനിലയങ്ങളിൽ നിന്നും ഏകദേശം 50 ദശലക്ഷം യൂണിറ്റും ഉല്പാദിപ്പിക്കാവുന്നതാണ് |
| (ബി) ഈ വർഷം എത്ര യൂണിറ്റ് വൈദ്യുതിയാണ് സംസ്ഥാനത്തിന് ആവശ്യമായി വരുന്നത്; | (ബി) ഡിസംബർ 1 മുതൽ മാർച്ച് 31 വരെ 7021Mu വേണമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഈ വർഷം ഡിസംബർ മാസം 4 - ാം തീയതി മുതൽ ഡിസംബർ 31 വരെ 1485 Mu വേണ്ടി വരും. |
| (സി) നിലവിലെ കണക്കനുസരിച്ച് എത്ര വൈദ്യുതി കറവ് ഉണ്ടാകുന്നുവെന്നും അത് മറികടക്കാൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കാമോ? | (സി) നിലവിലെ കണക്കനുസരിച്ച്, മഴയുടെ കുറവുമൂലം ഈ വർഷം ഏകദേശം 2200 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ കുറവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് മറികടക്കുവാൻ, വൈദ്യുതി വ്യാപാരികളിൽ നിന്നും, എനർജി എക്സ്ചേഞ്ചിൽ നിന്നും, ദ്രവഇന്ധന നിലയങ്ങളായ ബി.ഡി.പി.പി. |

(. . . 2)

കെ.ഡി.പി.പി., കായംകുളം തുടങ്ങിയ നിലയങ്ങളിൽ നിന്നും വൈദ്യുതി വാങ്ങിയാണ് ഒരു പരിധി വരെ കുറവു നികത്തുന്നത്. ഇത് കൂടാതെ, പീക്ക് സമയത്തെ കുറവ് നികത്തുന്നതിന്, രാവിലെ 6 മണി മുതൽ 9 മണിവരെയും വൈകുന്നേരം 6 മുതൽ 10 മണിവരെയും അരമണിക്കൂർ വീതം ലോഡ്ഷെഡ്ഡിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, വ്യാവസായിക, വാണിജ്യ, ഗാർഹികേതര ഉപഭോക്താക്കളെ നിലവിലുള്ള നിരക്കിൽ ശരാശരി ഉപയോഗത്തിന്റെ 75 ശതമാനം ഉപയോഗിക്കാൻ അനുവദിക്കുക, ഗാർഹിക ഉപഭോക്താക്കൾക്ക് നിലവിലുള്ള താരിഫിൽ രണ്ടു മാസത്തേയ്ക്ക് 400 യൂണിറ്റു വരെ കമ്മീഷൻ അംഗീകരിച്ച നിലവിലെ നിരക്കിൽ ഉപയോഗിക്കാൻ അനുവദിക്കുകയും, കൂടുതലായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് യഥാർത്ഥ വാങ്ങൽ വില ഈടാക്കാൻ അനുവദിക്കണമെന്നുമുള്ള അപേക്ഷ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് . ഇതിൽ കമ്മീഷൻ തീരുമാനമെടുത്തിട്ടില്ല.

സെക്ഷൻ ഓഫീസർ.